Page 1 of 1

## ആലത്തൂർ സബ് ജില്ലയിലെ കണ്ണമ്പ്ര യു. പി. സ്ക്കൂൾ തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച്

751 [1229] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ആലത്തൂർ സബ് ജില്ലയിലെ കണ്ണമ്പ്ര യു. പി. സ്കൂളിൽ 26-7-1982 മുതൽ അദ്ധ്യയനം മുടങ്ങിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ക്കൂൾ തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂൾ മുടക്കം കൂടാതെ പ്രവർത്തിക്കുന്നാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ 6-8-1982 മുതൽ തുറന്നുപ്രവർത്തിക്കുന്നുണ്ട്.

(സി) പാലക്കാട് ജില്ലാ കളക്ടർ ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.

## ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ സംവരണം

752 [1230] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ആകെ ഗസറ്റഡ് നോൺ ഗസറ്റഡ് ഉദ്യോഗസ്ഥന്മാർ എത്ര;

(ബി) അതിൽ ഓരോ വിഭാഗത്തിനുമായി എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ വിഭാഗത്തിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണ ശതമാനം പാലിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്;

(ഇ) ഓരോ വിഭാഗത്തിലും പട്ടികജാതി-പട്ടിക വിഭാഗങ്ങളുടെ സംവരണ ശതമാനം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ to ഇ) 18-8-1982-ലെ നക്ഷത്രചിഹ്നമിടാത്ത 954-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## എരുമേലിയിൽ ഒരു കോളേജ്

753 [1231] ശ്രീ. തോമസ് കല്ലമ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1981-ൽ കേരളാ യൂണിവേഴ്സിറ്റി എരുമേലിയിൽ പുതിയ ഒരു കോളേജ് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയും 1982-ൽ അതേ സ്ഥലത്തുതന്നെ ശുപാർശ ചെയ്യാതിരിക്കുകയും ചെയ്തത് എന്തുകൊണ്ടാണെന്നതിനെക്കുറിച്ച് ഒരന്വേഷണം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly